# Athmaraksha.org

സന്ദേശം : യുവജനങ്ങൾ, മാതാപിതാക്കൾ, കുടുംബജീവിതക്കാർ

## കുടുംബങ്ങളെ ബലപ്പെടുത്താൻ പാപ്പയുടെ ആഹ്വാനം



വിവാഹം എന്ന കൂദാശയെക്കുറിച്ച് ശരിയായ അവബോധം സൃഷ്ടിച്ച് കുടുംബജീവി തത്തെ ബലപ്പെടുത്താൻ ഫ്രാൻസീസ് പാപ്പാ ആഹ്വാനം ചെയ്യുന്നു. ഒക്ടോബറിൽ നടന്ന 'കുടുംബം' വിഷയമായ അസാധാരണ സിനഡിനുശേഷം നൽകിയ ആദ്യഅഭി മുഖത്തിലാണ് പാപ്പാ ഇപ്രകാരം പറഞ്ഞത്. കത്തോലിക്കാ സഭയിലെ വിവാഹമോചനം, പുനർവിവാഹം എന്നീ സങ്കീർണ്ണമായ വിഷയങ്ങളിൽ ഉള്ള ആശങ്കകളെ ഉപേക്ഷിക്കാ നും പാപ്പാ വിശ്വാസികളോട് ആഹ്വാനം ചെയ്യുന്നു.

"സൗഹാർദ്ദപരമായ ഒരവസ്ഥയാണ് ഇപ്പോൾ നിലവിലുള്ളത്. കുടുംബങ്ങൾ നേരിടുന്ന ആദ്ധ്യാത്മികദാരിദ്ര്യത്തെ ഇല്ലായ്മ ചെയ്യാനുള്ള മാർഗ്ഗങ്ങൾ കണ്ടു പിടിക്കേ ണ്ടിയിരിക്കുന്നു. ഇന്ന് കുടുംബങ്ങൾ വെയിലേറ്റ് നിറം മങ്ങിയ അവസ്ഥയിലാണ്." പാപ്പാ അഭിമുഖത്തിൽ പറയുന്നു.

കുടുംബം എന്ന വ്യവസ്ഥിതിയെക്കുറിച്ച് ശരിയായി മനസ്സിലാക്കാതെ യുവജന ങ്ങൾ വിവാഹം കഴിക്കരുതെന്ന് പാപ്പാ പറയുന്നു."വിവാഹിതരായി ഒന്നിച്ച് നീങ്ങേണ്ട വരാണ് അവർ. ശരിയായ അവബോധത്തോടെ വിവാഹത്തിന് ഒരുങ്ങാൻ കഴിഞ്ഞില്ലെ ങ്കിൽ ജീവിതകാലം മുഴുവൻ പാലിക്കപ്പെടേണ്ട ഉടമ്പടി പാലിക്കാൻ അവർക്ക് കഴി യില്ല." പാപ്പാ കൂട്ടിച്ചേർക്കുന്നു.

"മിക്ക യുവാക്കളും വിവാഹത്തെ ഒരു സാമൂഹ്യആഘോഷമായാണ് വീക്ഷി ക്കുന്നത്. മതപരമായോ ആദ്ധ്യാത്മികമായോ അല്ല ഈ ചടങ്ങിനെ അവർ സമീപി ക്കുന്നത്. സഭയും സഭാധികാരികളും ഇത്തരം വിഷയങ്ങളിൽ യുവജനങ്ങളെ സഹായി ക്കാൻ മുന്നോട്ടു വരണ"മെന്ന് പാപ്പാ പറയുന്നു.